# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പട്ടിത്തറ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2015-16


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

പാലക്കാട് ജില്ലാ ഓഡിറ്റ് കാര്യാലയം

E-mail:-dopkd.ksad@kerala.gov.in

നം.കെ.എസ്.എ.പി.കെ.ഡി.20-165-2017


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

ഇ-മെയിൽ -dopkd.ksad@kerala.gov.in

വെബ് -www.lfa.kerala.gov.in


തീയതി- 30.01.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

പട്ടിത്തറ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പട്ടിത്തറ ഗ്രാമപഞ്ചായത്ത് – 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

----------------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടിത്തറ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡപ്യൂട്ടി ഡയറക്ടർ

പകർപ്പ് :1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഇ-മെയിൽ മുഖേന)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്

# പാലക്കാട് ജില്ലയിലെ പട്ടിത്തറ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ പട്ടിത്തറ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1-3-2016 മുതൽ 31-3-2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണി ക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.എൻ. വാസുദേവൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21-10-2016 മുതൽ 29-10-2016 വരെ |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | കെ.ആർ.പ്രകാശ് ബാബു | ഓഡിറ്റ് ഓഫീസർ |
| 2 | വി.ഉണ്ണി കൃഷ്ണൻ | അസി.ഓഡിറ്റ് ഓഫീസർ |
| 3 | എൻ.വി.കൃഷ്ണ ദാസ് | ഓഡിറ്റർ |

<u>നിർവ്വഹണാധികാരികൾ</u>

പ്രസിഡണ്ട്

| | |
|---|---|
| ശ്രീ.സി.പി.റസാക്ക് | 1-4-2015 മുതൽ 31-10-2015 വരെ |
| അഡ്മിനിസ്ട്രേറ്റർ ഭരണം | 1-11-2015 മുതൽ 18-11-2015 വരെ |
| ശ്രീമതി.വി.സുജാത | 19-11-2015മുതൽ 31-3-2016 വരെ |

സെക്രട്ടറി

| | |
|---|---|
| കെ.പി.അജ്ജു (അസി.സെക്രട്ടറി -- സെക്രട്ടറി ഇൻ ചാർജ്ജ്) | 1-4-2015 മുതൽ 26-7-2015 വരെ |
| ഷാജു.പി.എ | 27-07-2015 മുതൽ 4-2-2016 വരെ |
| കെ.മുരളീധരൻ (അസി. സെക്രട്ടറി) സെക്രട്ടറി ഇൻ ചാർജ്ജ്) | 5-2-2016മുതൽ 31-3-2016 വരെ |

<u>മറ്റ് നിർവ്വഹണോദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. എഞ്ചിനീയർ | ശ്രീ/ശ്രീമതി. കെ.ജി.സൂര്യൻ | 1-4-2015 മുതൽ 31-3-2016 വരെ |
| കൃഷി ഓഫീസർ | സോമൻ.ഇ.ആർ | 1-4-2015 മുതൽ 31-3-2016 വരെ |
| ICDS സൂപ്പർവൈസർ | ഉഷ.എം | 1-4-2015 മുതൽ 31-3-2016 വരെ |
| ഹെഡ് മിസ്ട്രസ് | ഇ.സുലോചന | 1-4-2015 മുതൽ 31-3-2016 വരെ |
| വി.ഇ.ഒ. | രമ.കെ | 1-4-2015 മുതൽ 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ(PHC) | ഡോ.രാജഗോപാൽ | 1-4-2015 മുതൽ 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ(ISM) | ഡോ.പി.ക.കൃഷ്ണദാസ് | 1-4-2015 മുതൽ 11-7-2015 വരെ |
| | ഡോ.നിഖില ചന്ദ്രൻ | 12-7-2015 മുതൽ 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.എസ്.സുജാത | 1-4-2015 മുതൽ 31-3-2016 വരെ |
| വെറ്ററിനറി | ഡോ.അനുപമ | 1-4-2015 |

| | | |
|---|---|---|
| സർജൻ | ശശിധരൻ | മുതൽ 31-3-2016 വരെ |
| അസി.സെക്രട്ടറി | കെ.പി.അജ്ജ | 1-4-2015 മുതൽ 20-8-2015 വരെ |
| | കെ.മുരളീധരൻ | 21-8-2015മുതൽ 31-3-2016 വരെ |

<u>ഉള്ളടക്കം</u>

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമപദ്ധതികൾ | 1(8) |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |
| 11 | അനുബന്ധപത്രികകൾ | 1(!!) |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ)

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഡി ആന്റ് ഓ ലൈസൻസ് നൽകൽ- ചട്ടപ്രകാരമല്ല | 2(1) |
| 2 | ഡി ആന്റ് ഓ ലൈസൻസ് ഫീസ് - ഈടാക്കിയതിൽ കുറവ് | 2(2) |
| 3 | പരസ്യ നികുതി ഏർപ്പെടു ത്തിയില്ല | 2(3) |
| 4 | മൊബൈൽ ടവറുകളുടെ വസ്തു നികുതിഈടാക്കുന്നില്ല, | 2(4) |

| | പഞ്ചായത്തിനു വരുമാന നഷ്ടം. | |
|---|---|---|

## ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (2)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൂർത്തീകരണസമയം ദീർഘിപ്പിച്ചിട്ടും എഗ്രിമെന്റ് പ്രകാരം നിശ്ചയിച്ചിട്ടുള്ള പിഴ ഈടാക്കിയിട്ടില്ല | 3(1) |
| 2 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ-- പദ്ധതി പൂർത്തിയാകാതെ അവശേഷിക്കുന്നു | 3(2) |
| 3 | പദ്ധതി യഥാസമയം ലക്ഷ്യം കണ്ടില്ല | 3(3) |
| 4 | ചെലവഴിക്കാതെ കുടുംബശ്രീ അക്കൌണ്ടിൽ കിടക്കുന്ന പണം സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ് | 3(4) |
| 5 | തെരുവു വിളക്കുകളുടെയും പൊതു ടാപ്പുകളുടെയും എണ്ണം സംയുക്ത പരിശോധന നടത്തി കാലികമാക്കേണ്ടതാണ് | 3(5) |
| 6 | സാക്ഷരതാ പ്രേരക് മാരുടെ ഓണറേറിയം സാക്ഷരത മിഷനിൽ നിന്നും റീ ക്ലൂപ്പ് ചെയ്യേണ്ടതാണ് | 3(6) |
| 7 | പദ്ധതി നിർവഹണത്തിലെ അപാകതകൾ | 3(7) |
| 8 | വെറ്ററിനറി സർജ്ജൻ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3(8) |
| 9 | മീഡിയാശ്രീ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 3(9) |
| 10 | എസ്.എസ്.എ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേമ്ടതാണ് | 3(10) |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| | | |

| | | |
|---|---|---|
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) |
| 8 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4(8) |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4(9) |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(10) |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | |
|---|---|
| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | 111/16, 04.03.2016 ( പുതുക്കിയത്) |
| 1/20-03-2015 | ഇല്ല |

### 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിന് ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 30-7-2016 |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്

### 1-4 സാമ്പത്തിക വിശകലനം

| മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിബാക്കി |
|---|---|---|---|---|
| 23657072 | 36692982 | 60350054 | 49275158 | 11074896 |

### 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് | നീക്കിബാക്കി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | തുക | |
| വികസന ഫണ്ട് (ജനറൽ) | 3930384 | 8057257 (T.C. amt) | 11987641 | 11987641 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 5428641 | 9190642 | 14619283 | 14619283 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | --- | --- | --- | --- | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 979804 | 4646892 | 5626696 | 5626696 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 897686 | 953749 | 1851435 | 1851435 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 2020084 | 5625016 | 7645100 | 7645100 | 0 |
| ലോക ബാങ്ക് സഹായം | 763232 | 0 | 763232 | 763232 | 0 |
| ജനറൽ പർപ്പസ് ഫണ്ട് | 2356438 | 9132079 | 11488517 | 6591616 | 4896901 |
| MGNREGS | 2271 | 12614010 | 12616281 | 12615281 | 1000 |
| ബി-ഫണ്ട് | | 590465 | 590465 | 590465 | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 175 | 112 | nil | 63 | 64 |

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3308141 | 3085615 | 222526(-) | 6.72(-) |
| നികുതിയേതര വരവുകൾ | 204857 | 354693 | 149836(+) | 73.14(+) |
| മറ്റ് വരവുകൾ | 397072 | 718140 | 321068(+) | 80.85(+) |
| ആകെ | 3910070 | 4158448 | 248378(-) | 6.45(-) |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനെടുത്തവ | നിരസിച്ചവ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 0 | -- | -- |
| 2 | തൊഴിൽ രഹിത വേതനം | 0 | -- | -- |
| 3 | വിധവാ പെൻഷൻ | 67 | 62 | 5 |
| 4 | വികലാംഗ പെൻഷൻ | 7 | 5 | 2 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 8 | 6 | 2 |
| 6 | വാർദ്ധക്യകാല പെൻഷൻ | 674 | 657 | 17 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26-10-2016 2.45pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 5193/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 20-10-2016 | 09/2016 | ലഭിച്ചിട്ടില്ല | ഇല്ല |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 3-4-2006 | 1997-98 to 2005-06 | 26-05-2006 | ഇല്ല |

# ഭാഗം -2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി ആന്റ് ഓ ലൈസൻസ് നൽകൽ- ചട്ടപ്രകാരമല്ല

2015-16 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിൽ നിന്നും 155 സ്ഥാപനങ്ങൾക്ക് ലൈസൻസസ് നൽകിയിട്ടുണ്ട്. ലൈസൻസിനുള്ള അപേക്ഷകൾ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1, ലൈസൻസിനായി സമർപ്പിച്ചിട്ടുള്ള ഭൂരിഭാഗം അപേക്ഷകളിലും ദിവസേനയുള്ള ശരാശരി വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ലൈസൻസ് ഈടാക്കിയതിന്റെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

2, ജി. ഓ(എം.എസ്) നം. 323/2011/ത.സ്വ.ഭ.വ തീയതി 27-12-2011 പ്രകാരം നിരോധിക്കപ്പെട്ട പ്ലാസ്റ്റിക്ക് ഉൽപന്നങ്ങൾ ഉത്പാധിപ്പിക്കുകയോ, ശേഖരിക്കുകയോ, വിൽക്കുകയോ, ചെയ്യുന്നില്ലെന്ന സത്യവാങ്മൂലം അപേക്ഷയോടൊപ്പം വാങ്ങി സൂക്ഷിക്കേണ്ടതാണ്.

ഡി ആന്റ് ഓ ലൈസൻസിനുള്ള അപേക്ഷയിൽ പൂർണമായ വിവരം രേഖപ്പെടുത്തിയിട്ടുണ്ടെന്നും, ആവശ്യമായ നിരാക്ഷേപപത്രങ്ങൾ സമർപ്പിച്ചിട്ടുണ്ടെന്നും ഉറപ്പുവരുത്തേണ്ടതും, സർക്കാർ ഉത്തരവുകളിലേയും സർക്കുലറുകളിലേയും നിർദ്ധേശങ്ങൾ കർശനമായി നടപ്പിലാക്കേണ്ടതുമാണ്.

## 2-2 ഡി ആന്റ് ഓ ലൈസൻസ് ഫീസ് - ഈടാക്കിയതിൽ കുറവ്

1996-ലെ കേരളാ പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)

ചട്ടങ്ങൾ പ്രകാരം ഡി ആന്റ് ഓ ലൈസൻസ് അപേക്ഷകളിലും രജിസ്റ്ററുകളിലും രേഖപ്പെടുത്തിയിട്ടുള്ള യന്ത്രത്തിന്റെ കുതിരശക്തിക്കു ആനുപാതികമായി ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം | ലൈസൻസിയുടെ പേര് | ലൈസൻസ് നം | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കാവുന്ന ഫീസ് | ചുമത്തിയത് | കുറവ് | രശീത് നം./ തീയതി |
|---|---|---|---|---|---|---|---|
| 1 | സാറ ഉമ്മ പാറയിൽ വളപ്പിൽ, ആലൂർ, പട്ടിത്തറ | 98 | 38 എച്ച്. പി | 400 | 200 | 200 | 11501101449 17-08-2015 |
| 2 | അഷറഫ് പുലാപറമ്പിൽ, കോട്ടോപ്പാടം | 39 | 350 എച്ച്. പി | 3500 | 2000 | 1500 | 11501100618 15-05-2015 |

കുറവായി ഈടാക്കിയതുവഴി പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ലൈസൻസിയിൽനിന്നോ, ബന്ധപ്പെട്ട ഉദ്ധ്യോഗസ്ഥനിൽ നിന്നോ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 പരസ്യ നികുതി ഏർപ്പെടുത്തിയില്ല

പഞ്ചായത്ത് പ്രദേശത്ത് പ്രദർശിപ്പിച്ചിട്ടുള്ള പരസ്യങ്ങളിൻമേൽ നികുതി പിരിക്കുന്നതിനു കേരളാ പഞ്ചായത്ത് രാജ് നിയമം 209-വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. പരസ്യ നികുതി പിരിക്കാനുള്ള അവകാശം ലേലം ചെയ്തു നൽകാവുന്നതാണെന്ന് വകുപ്പ് 209(ഡി) യിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് നാളിതുവരെ പരസ്യനികുതി പിരിക്കുന്നതിനു നടപടി സ്വീകരിച്ചു തുടങ്ങിയിട്ടില്ല. പഞ്ചായത്ത് ഡയറക്ടറുടെ 18-05-2005 ലെ ഉത്തരവ് നമ്പർ സി5-15253/04 പ്രകാരം പരസ്യ നികുതി ഈതാക്കുന്നതിന് ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതി ഇതിനുള്ള നടപടി അടിയന്തിരനായി കൈകൊള്ളേണ്ടതാണ്.

## 2-4 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല, പഞ്ചായത്തിനു വരുമാന നഷ്ടം.

പഞ്ചായത്ത് പരിധിയിൽ നിലവിലുള്ള മൊബൈൽ ടവറുകളുടെ എണ്ണം, അനധിക്രിതമായി പ്രവർത്തിക്കുന്ന ടവറുകൾ, ആയത് നീക്കം ചെയ്യാൻ സ്വീകരിച്ച നടപടികൾ, ഈടാക്കിയ വസ്തുനികുതി എന്നിവ സംബന്ധിച്ച് നൽകിയ അന്വേഷണം 02/2016 നു ലഭിച്ച മറുപടിയിൽ, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 11 മൊബൈൽ ടവറുകൾക്ക് വസ്തു നികുതി പുനർനിർണ്ണയിച്ച് ഈടാക്കിയിട്ടില്ല. മറുപടിയിൽനിന്നും ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട നം. | ഏജൻസിയുടെ പേര് | ബിൽഡിങ്ങ് പെർമിറ്റ് നം | ഈടാക്കിയ പെർമിറ്റ് ഫീ | 2015-16-ൽ ഈടാക്കിയ വസ്തുനികുതി |
|---|---|---|---|---|---|
| 1 | Vii/407 | ബി. എസ്. എൻ. എൽ. | എ2.105/ 10 | 11000 | ഈടാക്കിയിട്ടില്ല |
| 2 | Vi/499 | എസ്സാർ ടെലികോം ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ് | ലഭ്യമല്ല | ലഭ്യമല്ല | ഈടാക്കിയിട്ടില്ല |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 3 | Vii/10 | ഇൻഡസ് ടവേർസ് | ലഭ്യമല്ല | ലഭ്യമല്ല | ഈടാക്കിയിട്ടില്ല |
| 4 | xiv | ഇൻഡസ് ടവേർസ്(വോഡ | ലഭ്യമല്ല | ലഭ്യമല്ല | ഈടാക്കിയിട്ടില്ല |
| 5 | Xiv/618 | ബി. എസ്. എൻ. എൽ. | ലഭ്യമല്ല | ലഭ്യമല്ല | ഈടാക്കിയിട്ടില്ല |
| 6 | xvi | ഐഡിയാ മൊബൈൽ കമ്മ്യൂണിക്കേഷൻ ലിമിറ്റഡ്. | എ6-1483/06 | 11000 | ഈടാക്കിയിട്ടില്ല |
| 7 | Xvii | ഭാരതി എയർടെൽ പ്രൈവറ്റ് ലിമിറ്റഡ് | ലഭ്യമല്ല | ലഭ്യമല്ല | ഈടാക്കിയിട്ടില്ല |
| 8 | xiii | ഇൻഡസ് ടവേർസ് | 120/08-09 | ലഭ്യമല്ല | ഈടാക്കിയിട്ടില്ല |
| 9 | xv | ഇൻഡസ് ടവേർസ് | ലഭ്യമല്ല | ലഭ്യമല്ല | ഈടാക്കിയിട്ടില്ല |
| 10 | ix | ഇൻഡസ് ടവേർസ് | 125/09-10 | ലഭ്യമല്ല | ഈടാക്കിയിട്ടില്ല |
| 11 | ix | ബി. എസ്. എൻ. എൽ | ലഭ്യമല്ല | ലഭ്യമല്ല | ഈടാക്കിയിട്ടില്ല |

പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശികസഹിതം ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിനു ലഭിക്കേണ്ട ഏതൊരു നികുതിയും ഡിമാന്റ് ചെയ്യാത്തിടത്തോളം മൂന്നു വർഷത്തിനു ശേഷം ഈടാക്കാൻ വ്യവസ്ഥയില്ലാത്തതിനാൽ ആയതിൻമേലുണ്ടാകുന്ന നഷ്ടം സെക്രട്ടറിയുടെ ബാധ്യതയായിത്തീരുന്നതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൂർത്തീകരണസമയം ദീർഘിപ്പിച്ചിട്ടും എഗ്രിമെന്റ് പ്രകാരം നിശ്ചയിച്ചിട്ടുള്ള പിഴ ഈടാക്കിയിട്ടില്ല

തദ്ദേശ ഭരണസ്ഥാപനങ്ങളുടെ മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച സർക്കാർ ഉത്തരവ് നം.84/97 PW&T/19-8-97 പ്രകാരം പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്ന സംഗതിയിൽ കരാറുടമ്പടിയിൽ വ്യവസ്ഥ ചെയ്യുന്ന തിയ്യതിയിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ കരാറുകാരൻ/കൺവീനർ ബാദ്ധ്യസ്ഥനാണ്.
കരാറുകാരൻറെ പിഴവുമൂലം പ്രവൃത്തി പൂർത്തീകരണം വൈകുന്ന സന്ദർഭങ്ങളിൽ,കരാറുകാരന്റെ അപേക്ഷയിൻമേൽ അസി.എഞ്ചിനീയറുടെ ശുപാർശയോടെ യഥാർത്ഥ കാലാവധിയുടെ 20 % ഗ്രേസ് പിരീഡ് അനുവദിച്ച് തുടർന്നുള്ള കാലത്തേക്ക് ആദ്യ 3 മാസം PAC യുടെ 1%വും പിന്നീടുള്ള ഓരോ മൂന്നു മാസത്തിനും 2%വും പിഴ ഈടാക്കി മാത്രമേ ബിൽ അനുവദിക്കാവൂ. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തിയിൽ ഇപ്രകാരമുള്ള തുക ഈടാക്കിയിട്ടില്ല.

പ്രവൃത്തിയുടെ പേര് -- - തണക്കാട് റോഡ് റിടാറിംങ്(SO149/15-16)

അടങ്കൽ --- 250000/-(PAC-249782)

ബിൽ നം. --- 44/26-3-16

ബിൽ തുക --- 223000/-

എഗ്രിമെന്റ് നം --- 31/AE/LSGD/PTR/dt.22.12.14

എം.ബുക്ക നം --- 97/15

കരാറുകാരൻ --- പി.പി.സക്കീർ ഹുസൈൻ

കരാർ പ്രകാരം പ്രവൃത്തി

പൂർത്തീകരണ തിയ്യതി---31-3-2015

പ്രവൃത്തി പൂർത്തീകരിച്ചത്--- 01-3-2016(അന്തിമ ചെക്ക് മെഷർമെന്റ് പ്രകാരം)

ഗ്രേസ് പിരീഡ് --- അനുവദിച്ചിട്ടില്ല

പിഴ ഈടാക്കേണ്ടത് --- 1-4-2015 മുതൽ 30-6-2015 വരെ=2498/-രൂപ

1-7-2015 മുതൽ 30-9-2015 വരെ=4996

1-10-2015 മുതൽ 30-12-2015 വരെ=4996

31-12-2015 മുതൽ 28-2-2015 വരെ=4996

ആകെ 17486

മേൽപറഞ്ഞപ്രകാരമുള്ള തുക നിർവ്വഹണോദ്യോഗസ്ഥനിൽനിന്നും ഈടാക്കി പദ്ധതി ഫണ്ടിൽ അടവാക്കേണ്ടതാണ്

## 3-2 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ--പദ്ധതി പൂർത്തിയാകാതെ അവശേഷിക്കുന്നു

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണോ ദ്യോഗസ്ഥയായി തൻവർഷം നടപ്പിലാക്കിയ "ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നും മരുന്ന് വിതരണ സാമഗ്രികളും വാങ്ങൽ" (നം.3/15-16) എന്ന പദ്ധതിയനുസരിച്ച് 6,00,000/- രൂപ ഹോംകോ,ആലപ്പുഴ എന്ന സ്ഥാപനത്തിന് ബിൽ നം.1/17-9-2015 പ്രകാരം പിൻവലിച്ച് കൈമാറിയിട്ടുണ്ട് (ഡി.ഡി.നം.528950/17-9-15). എന്നാൽമേപ്പടി സ് ഥാപനത്തിന്റെ 14-3-16 ലെ LF-1297 നമ്പർ ഇൻവോയ്സ് അനുസരിച്ച് കേവലം 3,55,000/-രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ഡിസ്പെൻസറിയിലേക്ക് ലഭ്യമായിട്ടുള്ളത്. 2,45,000/- രൂപയുടെ മരുന്നുകൾ ലഭ്യമാകാത്തതിനാൽ പ്രസ്തുത പദ്ധതി ലക്ഷ്യം കൈവരിക്കാതെ അവശേഷിക്കുകയാണ് ഉണ്ടായത്.
മേൽപറഞ്ഞ സാഹചര്യത്തിൽ 2,45,000/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-3 പദ്ധതി യഥാസമയം ലക്ഷ്യം കണ്ടില്ല

മപദ്ധതി നമ്പർ 159/2016 വികലാംഗർക്ക് സഹായ ഉപകരണങ്ങൾ വാങ്ങൽ (ജനറൽ) പ്രകാരം 150000/- രൂപ പദ്ധതി അടങ്കലായി നിർണ്ണയിച്ച് (വികസനംഫണ്ട് 100000/-വും ,തനതു ഫണ്ട് 50000/-വും ആകെ 150000/-) ട്രഷറി ബിൽ നമ്പർ 15/28-3-2016 പ്രകാരം 100000/-വും പഞ്ചായത്ത് ബിൽ രജിസ്ററിലെ 22-3-2016 ലെ ബിൽ നമ്പർ 51500802 (പേയേമെന്റ് വൌച്ചർ നമ്പർ

21500803) പ്രകാരം 43000/- യും പിൻവലിച്ച് ആകെ 143000/-രൂപ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ,തിരുവനന്തപുരത്തിന് 2 സ്കൂട്ടർ വിത്ത് സൈഡ് വീൽ എന്ന വാഹനം ലഭ്യമാക്കാനായി നൽകുന്നതിനായി പിൻവലിച്ച് ഡിമാൻഡ് ഡ്രാഫ്റ്റാക്കി വെച്ചിട്ടുണ്ട്.എന്നാൽ ഓഡിറ്റ് തിയതി വരെ കോർപ്പറേഷൻ ഈ വാഹനങ്ങൾ ലഭ്യമാക്കാത്തതിനാൽ ഗുണഭോക്താക്കൾക്ക് വിതരണം നടത്താൻ കഴിഞ്ഞിട്ടില്ല.അംഗീകരിച്ച പദ്ധതി പ്രകാരം പദ്ധതി പൂർത്തികരിക്കേണ്ട അവസാന തിയതി 31-3-2016 ആണെന്നിരിക്കെ ഓഡിറ്റ് തിയതി വരെ പദ്ധതി നിർവഹണം നടത്താത്തത് ശരിയായ നടപടിയല്ല. ഇത് സംബന്ധിച്ച് നിർവഹണോദ്യോഗസ്ഥ വികലാംഗ വികസന ക്ഷേമ കോർപ്പറേഷന് കത്ത് നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല (ഹാജരാക്കിയ രേഖകൾ പ്രകാരം )

എസ്.ബി.ഐ കുറ്റനാട് ബ്രാഞ്ചിൽ നിന്നുള്ള ഡി.ഡി.29-6-2016 ന് റീ വാലിഡേറ്റ് ചെയ്തിട്ടുണ്ട്(2000-439-16 നമ്പർ) .എന്നാൽ ഡി.ഡി.രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ പഴയ ഡി.ഡി. നമ്പർ മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. ഡി.ഡി.രജിസ്റ്റർ സൂക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പദ്ധതി നടപ്പിലാക്കാത്തതിനാൽ ഈ തുക അടിയന്തരമായി സർക്കാർ ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതും ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിന് മുൻപ് ആവശ്യമായ മുൻകരുതലുകളെടുക്കേണ്ടതുമാണ്.

## 3-4 ചെലവഴിക്കാതെ കുടുംബശ്രീ അക്കൌണ്ടിൽ കിടക്കുന്ന പണം സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്

പട്ടിത്തറ ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീയുടെ പട്ടിത്തറ സർവീസ് സഹകരണ ബാങ്കിന്റെ 5353 നമ്പർ സേവിങ്ങസ് ബാങ്ക് അക്കൌണ്ടിൽ ചെലവഴിക്കാതെ നീക്കിയിരുപ്പുള്ള താഴെ പറയുന്ന തുകകൾ സർക്കാറിലേക്ക് അടിയന്തരമായി തിരിച്ചടക്കേണ്ടതാണ്

| ക്ര.നം | ഇനം | വർഷം | തുക |
|---|---|---|---|
| 1 | പ്ലാൻ (വി.ഇ.ഒ) | 2006-07 | 787950 |
| 2 | ജില്ലാ പഞ്ചായത്ത് പ്ലാൻ | -ടി- | 42500 |
| 3 | റിവോൾവിങ് ഫണ്ട് | -ടി- | 48686 |
| 4 | കംപ്യൂട്ടർ | വർഷം വ്യക്തമല്ല | 18419 |

ആകെ 897555/-രൂപ

കൂടാതെ കുടുംബശ്രീ അംഗങ്ങളിൽ നിന്നും ഇൻഷൂറൻസ് ചെയ്യുന്നതിനായി ശേഖരിച്ചിട്ടുള്ള , ഇപ്പോഴും ചെലവഴിക്കാതെ കിടക്കുന്ന തുകകൾ പണം നൽകിയ കുടുംബശ്രീ അംഗങ്ങൾക്ക് തിരിച്ച നൽകേണ്ടതാണ്.

## 3-5 തെരുവു വിളക്കുകളുടെയും പൊതു ടാപ്പുകളുടെയും എണ്ണം സംയുക്ത പരിശോധന നടത്തി കാലികമാക്കേണ്ടതാണ്

തെരുവു വിളക്കുകൾ, പൊതു ടാപ്പുകൾ എന്നിവയുടെ എണ്ണം സംയുക്ത പരിശോധന നടത്തി കാലികമാക്കേണ്ട താണ് പൊതു ജനങ്ങൾക്ക് നൽകുന്ന സേവനത്തിന് സർവീസ് ചാർജ് ഈടാക്കേണ്ടതാണ്. പട്ടിത്തറ ഗ്രാമപഞ്ചായത്ത് പരിധിയിൽ കേരള ജല അതോറിറ്റി എൻജിനീയറുടെ പ്രതിമാസ വെള്ളക്കര ഡിമാൻഡ് ബില്ലുകൾ പ്രകാരം 415 പൊതു ടാപ്പുകളുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പൊതു ടാപ്പുകളുടെ വെള്ളക്കരമായി പ്രതിമാസം 181563/-രൂപ വെച്ച് പ്രതിവർഷം 2178750/- രൂപ നിലവിൽ ജല അതോറിറ്റിയിൽ അടക്കുന്നുണ്ട്. നാളിതു വരെ സംയുക്ത പരിശോധന നടത്തിയിട്ടില്ലാത്തതിനാലും ധാരാളം കുടിവെള്ള പദ്ധതികൾ പിന്നീട് കമ്മീഷൻ ചെയ്തതിനാലും നിലവിൽ 415 പൊതുടാപ്പുകൾ പഞ്ചായത്ത് പരിധിയിൽ ഉണ്ടാകാൻ സാധ്യത യില്ലാത്തിനാൽ അടിയന്തിരമായി ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തേണ്ടതാണ്. കൂടാതെ പൊതുടാപ്പുകളുടെ എണ്ണം പരമാവധി കുറച്ച് ഗാർഹിക കണക്ഷനുകൾ നല്കി തനതു ഫണ്ടിൽ നിന്നുള്ള ചെലവുകൾ പരമാവധി കുറക്കാനുള്ള നടപടികൾ സ്വീകരി ക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഭാവിയിൽ തനതു ഫണ്ട് മൈനസ് ഫണ്ടാവാനുള്ള സാധ്യതകളേറെയുണ്ട്.

2)തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ മാസം 33547/- രൂപ വെച്ച് പ്രതിവർഷം 402564/- രൂപ വൈദ്യുതി ബോർഡിൽ തനതു ഫണ്ടിൽ നിന്നും ഒടുക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ ഇലക്ട്രിക്ക് പോസ്റ്റുകളിൽ ഏതെല്ലാം വിളക്കുകൾ എത്രയെണ്ണം ഉണ്ടെന്നുള്ള വിവരം കാണിക്കുന്ന രജിസ്റ്ററോ സംയുക്ത പരിശോധന റിപ്പോർട്ടോ ഇല്ല. ഇക്കാര്യത്തിൽ നാളിതു വരെ സംയുക്ത പരിശോധന നടത്തിയിട്ടില്ല. കൂടാതെ തെരുവു വിളക്കുകൾക്ക് മീറ്ററിങ്ങ് നടത്തണമെന്ന സർക്കാർ നിർദ്ദേശം നാളിതു വരെ പാലിച്ചിട്ടില്ല. ആയതിന് വേണ്ട നടപടികളെടുത്തിട്ടില്ല. അടിയന്തരമായി കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിളക്കുകളുടെ എണ്ണം നിജപ്പെടുത്തി ആയതിനനുസരിച്ചുള്ള വൈദ്യുതി താരീഫ് പുനർ നിർണ്ണയിക്കേണ്ടതാണ്.

ഈ രണ്ടു വിഷയങ്ങളിലും സേവനനികുതി ഈടാക്കാനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ട താണ്.

## 3-6 സാക്ഷരതാ പ്രേരക് മാരുടെ ഓണറേറിയം സാക്ഷരത മിഷനിൽ നിന്നും റീ ക്ലൂപ്പ് ചെയ്യേണ്ടതാണ്

സാക്ഷരത പ്രേരക് മാർക്കു് സാക്ഷരത മിഷനിൽ നിന്നും നൽകാനുള്ള ഓണറേറിയം യഥാസമയം സാക്ഷരതാ മിഷനിൽ നിന്നും ലഭിക്കാത്തതിനാൽ സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും 3/2015 മുതൽ 1-3-2016വരെ നൽകിയ 48400/- രൂപ സാക്ഷരതാ മിഷനിൽ നിന്നും യഥാസമയം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ച് തുക ലഭ്യമാക്കി വിവരം ഈ ഓഫീസിനെ അറിയിക്കേണ്ടതാണ്.

## 3-7 പദ്ധതി നിർവഹണത്തിലെ അപാകതകൾ

2015-16 സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ നിർവഹണം നടത്തിയ

നെൽ വിത്ത് വിതരണം പദ്ധതിയിൽ (നമ്പർ 25/2016)

അടങ്കൽ 720000/-

വികസന ഫണ്ട് 400000/-

ഗുണഭോക്തൃവിഹിതം (നേരിട്ട്) 320000/-

(വികസന ഫണ്ടിന്റെ 80% ആണ് ഗുണഭോക്തൃവിഹിതം)

ചെലവ്- ട്രഷറി ബിൽ നമ്പർ -2/21-3-16 397200/-

താഴെ പറയുന്ന അപാകതകളുണ്ട്

അംഗീകരിച്ച പദ്ധതി പ്രകാരം 250 ഹെക്ടർ ഏരിയയിൽ 20000കി.ഗ്രാം നെൽ വിത്ത് വാങ്ങി കൃഷി ചെയ്യുന്നതാണ് പദ്ധതി. ഗുണഭോക്തൃ വിഹിതവും കൂട്ടി ചേർത്തതാണ് പദ്ധതി. വികസന ഫണ്ടിൽ നിന്നുള്ള ചെലവിന്റെ ബിൽ മാത്രമാണ് കാണിച്ചിട്ടുള്ളത്. വാങ്ങിയ വിത്തുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകത കാരണം ചെലവഴിച്ച തുകകൾ തടസ്സപ്പെടുത്തുന്നു.

## 3-8 വെറ്ററിനറി സർജ്ജൻ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

ബിൽ നം-51500810/19.03.16-പശു വളർത്തൽ (ജനറൽ)-195000/-
ബിൽ നം-51500819/19.03.16-പശു വളർത്തൽ(എസ്.സി)-300000/-
1) 2015-16 സാമ്പത്തിക വർഷത്തിൽ വെറ്ററിനറി സർജൻ നിർവഹണം നടത്തിയ കിടാരി വളർത്തൽ പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകളുണ്ട്
1.1) ഗുണഭോക്താക്കളുടെ ലിസ്റ്റ് ഓൺലൈനിൽ അപ്ലോഡ് ചെയ്തിട്ടില്ല.

1.2) ഗുണഭോക്താക്കളുടെ ഫോട്ടോ (പശു സഹിതം ഉള്ളത് ലഭ്യമാക്കിയിട്ടില്ല)

1.3) മോണിറ്ററിങ്ങ് റിപ്പോർട്ടില്ല

1.4) വെറ്ററിനറി സർജന്റെ വാല്യവേഷൻ സർട്ടിഫിക്കറ്റില്ല (പർചേസ് കമ്മറ്റി മിനട്സ് പ്രകാരം നിർദ്ദേശിച്ചതിൻ പ്രകാരമുള്ളത്)

1.5)കിടാരികളെ വിതരണം ചെയ്തതിന്റെ രേഖകളില്ല.
മുകളിൽ പരാമർശിച്ച അപാകതകൾ കാരണം ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

## 3-9 മീഡിയാശ്രീ-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി മീഡിയാശ്രീ എന്ന പ്രോജക്ട് (നം.158/15-16) നടപ്പാക്കുന്നതിലേക്കായി 65000/-രൂപ എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട് (വൌ.നം.21500284/ 14-7-2015, ഡി.ഡി.നം.686219/25-7-15-45000/-, ഡിഡി.നം.186222/27-7-15-20,0000/-). ഇത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 എസ്.എസ്.എ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേമ്ടതാമ്

ഹെഡ് മിസ്ട്രസ് നിർവഹണം നടത്തിയ എസ്.എസ്.എ,.വിഹിതം നൽകൽ പദ്ധതി പ്രകാരം ബിൽ നമ്പർ 1/13-8-2015,2/13-8-2015പ്രകാരം യഥാക്രമം 663600+220000/- ആകെ 883600/-രൂപ നൽകിയതിന് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ലഭിച്ച തുക | പ്രോജക്റ്റിന്റെപേര്/നം. | അടങ്കൽ | ചെലവ് | ബാക്കി |
|---|---|---|---|---|
| 288000(ബ്ലോക്ക് പഞ്ചായത്ത്) 480000(ജില്ലാ പഞ്ചായത്ത്) | സമൃദ്ധി പ്രാരംഭകൃഷിച്ചെലവിന് ധനസഹായം (പ്രോജ.നം.24/15-16) | 1920000 | 1152000 | 768000 |
| 40000(ബ്ലോക്ക് പഞ്ചായത്ത്) 40000(ജില്ലാ പഞ്ചായത്ത്) | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് ധന സഹായം(പ്രോജ.നം.18/15-16-ജനറൽ) | 160000 | 120000 | 40000 |
| 8000(ബ്ലോക്ക് പഞ്ചായത്ത്) 8000(ജില്ലാ പഞ്ചായത്ത്) | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് ധന സഹായം(പ്രോജ.നം.18/15-16-SCP) | 32000 | 24000 | 8000 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഒന്നുമില്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഒന്നുമില്ല

## 4-4 (i)വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

ഒന്നുമില്ല

(ii) വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ തുക | തിരിച്ച ടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവ സാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | EMS ഭവനപദ്ധതി | 647/2010 dt.25-2-2010 | 16000000 | 2185488 | 800000 | --- | 1385488 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2011-12 (വിഷയാധിഷ്ഠിത അവലോകനം) | 2014-15 ഖ.നം.4.2.4 | പഞ്ചായത്തിലെ അമ്പലക്കടവിൽ നിന്ന് 2009-10 മുതൽ 2013-14 വരെ മണൽ അധിക ഖനനം നടത്തിയതു സംബന്ധിച്ച് | അപാകത പരിഹരിച്ചിട്ടില്ല |

## 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3)പ്രകാരം പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാർട്ടേർഡ് അക്കൗണ്ടിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൻെറ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ആശുപത്രികളുടെ പേര് | മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച വർഷം / തീയ്യതി | വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പിച്ചതിന്റെ വിവരം | | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച വിവരം | ചാറ്റേർഡ് അക്കൗണ്ടൻറ് ഓഡിറ്റ്ചെയ്ത വാർഷിക കണക്കിന്റെ വിവരം | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | വർഷം | തീയ്യതി | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | PHC പട്ടിത്തറ | 29-12016 | കണക്ക് സമർപ്പിച്ചിട്ടില്ല | -- | -- | -- | ഇല്ല | -- |
| 2 | ഹോമിയോ ഡിസ്പെൻസറി | 24-6-2015 | -d0- | -- | 2010-11 to | --- | ഇല്ല | -- |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 3 | ഗവ.ആയുർവേദ ഡിസ്പെൻസറി | 17-1-2009 | -do- | | 2014-15<br>---<br>- | ---<br>--- | ഇല്ല | -- |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 36692982 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 49275158 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 17486 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,45,000/- |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 17486 | ശ്രീ.കെ.ജി.സൂര്യൻ,<br>അസി.എഞ്ചിനീയർ |

സി). ക്രമാനുസാരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ

ഒന്നുമില്ല

ഡി). സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ

ഒന്നുമില്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 245000 | ഡോ.എസ്.സുജാത,<br>മെഡിക്കൽ ഓഫീസർ<br>,ആയുർവേദം |

ഇ) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഒന്നുമില്ല

എഫ് ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

ജി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.ജി.സൂര്യൻ,<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ,<br>പട്ടിത്തറ ഗ്രാമപഞ്ചായത്ത് | കരിയാട്ട് വീട്,ചിയ്യാരം<br>(പി.ഒ) തൃശ്ശൂർ ജില്ല<br>680026 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

അവശേഷിക്കുന്ന റിപ്പോർട്ടികളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | LFP9-589/08/ തി.18.1.99 | FR |
| 1997-98 | LF P20-1691/12/തി.3.11.12 | -do- |
| 1998-99 | LF P9-191/02 തി.15.3.12 | -do- |
| 1999-00 | LF P11/415/05 തി 5.7.04 | -do- |
| 2000-01 | LFP11/155/07 തി 28.7.08 | -do- |
| 2001-02 | LFP20/1391/11 തി22.12.11 | -do- |
| 2002-03 | LFP11/776/05 തി. 7.08.06 | -do- |
| 2003-04 | LFP20/1307/11തി. 27.12.11 | -do- |
| 2004-05 | LF P20/1303/11 തി. 27.12.11 | -do- |
| 2005-06 | LFP20/1304/11 തി. 2.01.12 | -do- |
| 2006-07 | LFP20/1305/11 തി.3.1.12 | -do- |
| 2007-08 | LF P20/1105(1)/12തി.17.9.12 | -do- |
| 2008-09 | LFP20/1106(1)/12 തി.26.9.12 | -do- |
| 2009-10 | LFP20/1107(1)/12 തി.14.9.12 | -do- |
| 2010-11 | LFP20/1107/13 തി.10.10.13 | -do- |
| 2011-12 | LFP20/1802/2014 തി.9.1.2015 | -do- |
| 2012-13<br>2013-14<br>2014-15 | KSA-PKD-20/599/16 തി.4-4-2016 | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215

വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ പട്ടിത്തറ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പട്ടിത്തറ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

<u>ന്യൂനതകളുടെ സംഗ്രഹം</u>

1.കെട്ടിടനികുതി വിശദാംശങ്ങൾവാർഷികക്കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

2.ആസ്തി രജിസ്റ്റർ പൂർണ്ണമല്ല

ഡെപ്യൂട്ടി ഡയറക്ടർ

## Audit Certificate

Certified that I have examined the Annual Financial Statement of PATTITHARA GRAMA PANCHAYATH for the year ended 31.03.16 in Palakkad District in accordance with section 4 of the Kerala Local Fund Audit Act 1994 , Section 215 of the Kerala Panchayath Raj Act 1994 , the rules made thereunder and the guidelines issued by the Comptroller and Auditor General of India for the Certification of Accounts of Panchayath Raj Institutions.

In my opinion the financial statements of PATTITHARA GRAMA PANCHAYATH prepared in accordance with Section Section 215 of the Kerala Panchayath Raj Act 1994 and Go(P) No 319/2003/Fin. Dated 12.06.13, for the year 2015 -2016 properly presents the picture of income, expenditure and closing balance except for the defects pointed in this certificate.

Deputy Director

<u>Abstract of defects</u>

1.The details of accounts of building tax as per demand register is not reconcilled with the annual financila statement submitted for audit.

2.The value of movable and immovable assets during the period prior to conversion to accrual system not added to the value of assets as per the current balance sheet.

Deputy Director